# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 301 | 20.06.2019 ലെ മറുപടിയ്ക്ക്

**<u>നോർക്ക റൂട്ട്സിന്റെയും ഒഡെപെക്കിന്റെയും പ്രവർത്തനങ്ങൾ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.സജി ചെറിയാൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) റിക്രൂട്ടിംഗ് ഏജൻസികൾ വ്യാപകമായി തൊഴിലന്വേഷകരെ കബളിപ്പിച്ചുവന്നിരുന്നതിന് അറുതി വരുത്തിക്കൊണ്ട് നോർക്ക റൂട്ട്സും ഒഡെപെക്കും വിദേശ തൊഴിലന്വേഷകർക്ക് അവസരം ഒരുക്കി നൽകുന്നുണ്ടോ; നോർക്ക എക്സ്പ്രസ് റിക്രൂട്ട്മെന്റ് സർവീസ് ആരംഭിച്ചിട്ടുണ്ടോ ; | (എ) നിയമപരവും, ധാർമികവും സുരക്ഷിതവും സുതാര്യവുമായ മാർഗ്ഗങ്ങളിലൂടെയുള്ള കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ, റിക്രൂട്ട്മെന്റ് ഏജൻസിയായ നോർക്ക റൂട്ട്സ് വഴി ജി.സി.സി. രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിലേക്ക് നിരവധി തൊഴിൽ അവസരങ്ങൾ നൽകി വരുന്നു.<br><br>സൗദി അറേബ്യ, യു.എ.ഇ., ഒമാൻ, കുവൈറ്റ് എന്നീ രാജ്യങ്ങളിലേക്ക് ഡോക്ടർമാർ, നഴ്സുമാർ, മെഡിക്കൽ ടെക്നീഷ്യന്മാർ തുടങ്ങിയവർക്ക് നിരവധി തൊഴിലവസരങ്ങൾ നൽകി വരുന്നു. കുവൈറ്റിലെ അർദ്ധ സർക്കാർ റിക്രൂട്ട്മെന്റ് കമ്പനിയായ 'അൽദുര ഫോർ മാൻപവർ' ആവശ്യപ്പെട്ടതനുസരിച്ച് ഈ വർഷം ഗാർഹിക തൊഴിൽ മേഖലയിൽ ആയിരത്തോളം വനിതകളെ തെരഞ്ഞെടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br><br>വിദേശ ജോലിക്കുള്ള നടപടിക്രമങ്ങൾക്ക് സാധാരണയുള്ള കാലതാമസം പരമാവധി കുറച്ച് |

നടപ്പിലാക്കിയ സംവിധാനമാണ് എക്സ്പ്രസ് റിക്രൂട്ട്മെന്റ്. ഇതുവഴി മാസത്തിൽ രണ്ടു പ്രാവശ്യം സൗദി അറേബ്യയിലെ പ്രമുഖ സ്വകാര്യ ആശുപത്രിയിലെ നഴ്സുമാരുടെയും ടെക്നീഷ്യന്മാരുടെയും ഒഴിവിലേക്ക് വീഡിയോ കോൺഫറൻസിങ് സംവിധാനത്തിലൂടെ എക്സ്പ്രസ് റിക്രൂട്ട്മെന്റ് നടത്തി വരുന്നു.

നോർക്ക റൂട്ട്സ് അംഗീകൃത ഏജൻസിയായതിനുശേഷം 2015 മുതൽ നാളിതുവരെ 1050 നഴ്സുമാർ ഉൾപ്പടെ 1283 പേരെ വിദേശത്ത് ജോലിയ്ക്ക് അയച്ചിട്ടുണ്ട്.

വിദേശ തൊഴിലന്വേഷകർക്കായി ഒഡെപെക് ഗൾഫ് രാജ്യങ്ങളിലേക്കും യൂറോപ്യൻ രാജ്യങ്ങളിലേക്കും റിക്രൂട്ട്മെന്റ് നടത്തി വരുന്നു. പ്രതിവർഷം 400 ഓളം പേർ ഇത്തരത്തിൽ വിദേശത്തേക്ക് തൊഴിൽ ലഭിച്ച് പോയിട്ടുണ്ട്.

(ബി) അവശതയനുഭവിക്കുന്ന പ്രവാസി കുടുംബങ്ങൾക്ക് സാന്ത്വന പദ്ധതി പ്രകാരം നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ് ;

(ബി) തിരികെയെത്തിയ പ്രവാസി കേരളീയർക്ക് വേണ്ടി നോർക്ക റൂട്ട്സ് നടപ്പാക്കിയിട്ടുള്ള ദുരിതാശ്വാസ പദ്ധതിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് ധനസഹായമായി പരമാവധി 1 ലക്ഷം രൂപയും, രോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സ ധനസഹായമായി പരമാവധി 50,000/- രൂപയും, സാമ്പത്തികമായി പിന്നോക്കമായിട്ടുള്ള പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി പരമാവധി 15,000/- രൂപയും നൽകി വരുന്നു. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന തിരികെയെത്തിയ പ്രവാസികളിൽ വൈകല്യം ഉള്ളവർക്ക് ക്രച്ചസ്, വീൽചെയർ തുടങ്ങിയ

ഉപകരണങ്ങൾ വാങ്ങുന്നതിന് പരമാവധി 10,000/- രൂപ വരെയും നൽകി വരുന്നു.

(സി) വിമാനക്കമ്പനികൾ ഉത്സവ സീസണിൽ വിമാന ടിക്കറ്റിൽ വരുത്തുന്ന അന്യായമായ വർദ്ധനവ് നിയന്ത്രിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിവിധ വിമാന കമ്പനികളുമായി ധാരണയിലെത്തി നിരക്കിൽ ഇളവ് ലഭ്യമാക്കുവാൻ നോർക്ക റൂട്ട്സിന് കഴിഞ്ഞിട്ടുണ്ടോ എന്ന് അറിയിക്കാമോ?

(സി) ഉത്സവ സീസണിൽ വിമാന ടിക്കറ്റിൽ വരുത്തുന്ന അന്യായമായ വർദ്ധനവ് നിയന്ത്രിക്കുവാൻ കേന്ദ്ര സർക്കാർ ഇടപെടണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

ഇന്ത്യയിൽനിന്നും വിദേശത്തേക്കും തിരിച്ചും ഒമാൻ എയർലൈൻസിൽ ഇക്കണോമി/ബിസിനസ്സ് ക്ലാസ്സിൽ യാത്ര ചെയ്യുന്ന നോർക്ക തിരിച്ചറിയൽ കാർഡ് ഉള്ള വിദേശ മലയാളികൾക്ക് (ഭാര്യ/ഭർത്താവ്, 8 വയസ്സിന് താഴെയുള്ള കുട്ടികൾ ഉൾപ്പെടെ) ടിക്കറ്റ് നിരക്കിൽ 7% ഇളവ് അനുവദിക്കുന്ന ഒമാൻ ഫെയർ എന്ന പദ്ധതി നോർക്ക-റൂട്ട്സ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് വിമാനക്കമ്പനികളുമായും ഇത്തരത്തിൽ യാത്രാ നിരക്ക് ഇളവ് അനുവദിക്കുന്നതിനുള്ള ചർച്ചകൾ നടക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ